DESPATCHED
On.22/2/2020
1/1/2020



**സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,**
**തിരുവനന്തപുരം 695 001**
ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic@kerala.nic.in

ഹർജി നമ്പർ **AP. 2366*(2)/2018*/*എസ്.ഐ.സി.***
തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം
(ഫയൽ നം. 13026/*എസ്.ഐ.സി–ജി 6/2018*)

സന്നിഹിതൻ
**ഡോ.കെ.എൽ.വിവേകാനന്ദൻ, ബഹു.വിവരാവകാശ കമ്മീഷണർ**

**ശ്രീ.വിജയരാജൻ**
**പന്തല്ലാവിള, കടയറ വീട്**
**ചെമ്പൂർ, ഒറ്റശേഖരമംഗലം** } **അപ്പീൽ ഹർജിക്കാരൻ**

**Vs**

1. **സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &**
   **പോലീസ് സബ് ഇൻസ്പെക്ടർ**
   **ആര്യൻകോട് പോലീസ് സ്റ്റേഷൻ**
2. **അപ്പീൽ അധികാരി &ഡെപ്യൂട്ടി പോലീസ് സൂപ്രണ്ട്**
   **നെയ്യാറ്റിൻകര**

} **എതിർകക്ഷികൾ**

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 03.08.2018 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ, തീയതി | 01.09.2018 |
| ഒന്നാം അപ്പീൽ സമർപ്പിച്ച തീയതി | 14.09.2018 |
| ഒന്നാം അപ്പീലിന് മറുപടി ലഭ്യമാക്കിയ തീയതി | 17.10.2018 |
| കമ്മീഷനിൽ അപ്പീൽ സമർപ്പിച്ച തീയതി | 14.11.2018 |
| കമ്മീഷനിൽ അപ്പീൽ കൈപ്പറ്റിയ തീയതി | 15.11.2018 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 26.11.2018,22.05.2019 |
| കമ്മീഷനിൽ റിപ്പോർട്ട് ലഭിച്ച തീയതി | 07.06.2019 |
| ഹിയറിംഗ് നടന്ന തീയതി & സ്ഥലം | 24.09.2019 – കമ്മീഷൻ ആസ്ഥാനം തിരുവനന്തപുരം |
| ഹിയറിംഗിലെ സാന്നിദ്ധ്യം : അപ്പീൽ ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ. | ഹാജരായില്ല<br>ഹാജരായിരുന്നു |

## ഉത്തരവ്

അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, വിവരാവകാശ നിയമപ്രകാരം ടിയാൻ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൻമേൽ തൃപ്തികരമായ മറുപടി ലഭ്യമാക്കിയില്ല എന്നും ആയതിനാൽ അപ്പീൽ അധികാരി

മുമ്പാകെ അപ്പീൽ അപേക്ഷ സമർപ്പിച്ചുവെന്നും ആയതിനാൽ ടിയാൻ ആവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമാക്കണമെന്നും എതിർകക്ഷികൾക്കെതിരെ നടപടി സ്വീകരിക്കണമെന്നും മറ്റുമാണ്.

2. വിവരാവകാശ നിയമത്തിലെ 6(1) വകുപ്പു പ്രകാരം അപ്പീൽ ഹർജിക്കാരൻ 03.08.2018 തീയതി ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടത് ക്രമനമ്പർ 1-ൽ ഹർജിക്കാരന്റെ പേരിൽ രാജേന്ദ്രഗുരു എന്നയാൾ നൽകിയ പരാതിയുടെ കോപ്പിയും, ക്രമനമ്പർ 2-ൽ ടി അപേക്ഷയിൽ ഹർജിക്കാരനിൽ നിന്നും വിലയ്ക്കു വാങ്ങിയ വണ്ടിയായ ഷെവർലെ ടവേര എന്ന വാഹനം രാജേന്ദ്രഗുരുവിന്റെ പരാതി പ്രകാരം കസ്റ്റഡിയിൽ വയ്ക്കുന്നതിന് നിയമം അനുശാസിക്കുന്നുണ്ടോ എന്നും തുടങ്ങി 6 ഇനങ്ങളിലായുള്ള വിവരങ്ങളാണ്.

3. മേൽപ്പടി അപേക്ഷയ്ക്ക് ഒന്നാം എതിർകക്ഷി 01.09.2018 തീയതി നൽകിയ മറുപടിയിൽ ക്രമനമ്പർ 1-ന് പേജ് 1,2 എന്നിവ ചേർത്തിരുക്കുന്നുവെന്നും ക്രമനമ്പർ 2-ന് വിവരാവകാശ രേഖയല്ലാത്തതിനാൽ ലഭ്യമല്ലെന്നും തുടങ്ങി 6 ചോദ്യങ്ങൾക്കും മറുപടി നൽകി.

4. ഹർജിക്കാരൻ 14.09.2018 തീയതി രണ്ടാം എതിർകക്ഷി മുമ്പാകെ അപ്പീൽ അപേക്ഷ സമർപ്പിച്ചു. ആയതിൽ അറിയിച്ചത്, ടിയാൻ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച വിവരാവകാശ അപേക്ഷയിൽ മറുപടി നാളിതുവരെ നല്കിയിട്ടില്ലെന്നും, ആയതിനാൽ മറുപടി നൽകണമെന്നുമാണ്.

5. മേൽപ്പടി അപ്പീൽ അപേക്ഷയിൻമേൽ രണ്ടാം എതിർകക്ഷി 17.10.2018 തീയതി നൽകിയ മറുപടിയിൽ അറിയിച്ചത്, ഹർജിക്കാരന്റെ മറുപടി കിട്ടിയിട്ടില്ലെന്ന ആക്ഷേപത്തിന് എസ്.പി.ഐ.ഒ യോട് വിവരം ആവശ്യപ്പെട്ടതിൽ, ടി ഓഫീസർ ഹാജരാക്കിയ രേഖ പരിശോധിച്ചതിൽ മറുപടി ലഭ്യമാക്കിയതായി കാണുന്നുവെന്നും എന്നിരിക്കിലും എസ്.പി.ഐ.ഒ യുടെ മറുപടിയുടെ പകർപ്പ് അപ്പീൽ മറുപടിക്കൊപ്പം നൽകുന്നുവെന്നുമാണ്.

6. 07.06.2019 ന് കമ്മീഷൻ മുമ്പാകെ എതിർകക്ഷി സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, ഹർജിക്കാരൻ ആവശ്യപ്പെട്ട ടി ഓഫീസിൽ ലഭ്യമായ വിവരങ്ങൾ സമയബന്ധിതമായി എസ്.പി.ഐ.ഒ ഹാജരാക്കിയതായും ടി മറുപടി ലഭിച്ചില്ലെന്ന ഹർജിക്കാരന്റെ ആക്ഷേപത്തെ തുടർന്ന് അപ്പീൽ അധികാരി മറുപടിയോടൊപ്പം വീണ്ടും നൽകിയിട്ടുണ്ട് എന്നും മറ്റുമാണ്.

പരാതി ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും എതിർകക്ഷിയെ നേരിൽ കേട്ടതിലും, കമ്മീഷൻ നടത്തിയ 07.06.2019 ലെ ഹിയറിംങിന് ഹാജരാകുകയോ അസൗകര്യം അറിയിച്ച് കത്ത് നൽകുകയോ ചെയ്യാത്തതിനാൽ എതിർകക്ഷിക്ക് 24.09.2019 കമ്മി

ഷൻ ഓഫീസിൽ ഹാജരാകണമെന്നാവശ്യപ്പെട്ടു ഷോക്കോസ് നോട്ടീസ് അയയ്ക്കുകയും ഹാജരായ എസ്.പി.ഐ.ഒ, പരാമർശിതകാലയളവിലെ എസ്.പി.ഐ.ഒ ഹാജരാകാത്തതിന്റെ കാരണവും, ഓഫീസിൽ ലഭ്യമായ രേഖകളെല്ലാം ഹർജിക്കാരന് നൽകിയതായും കമ്മീഷൻ മുമ്പാകെ ബോധിപ്പിക്കുകയും ചെയ്തു. ആയത് വിശ്വാസത്തിലെടുത്തുകൊണ്ട്, ഈ അപ്പീൽ ഹർജിയിൽ മറ്റു നടപടികൾ ആവശ്യമില്ലെന്നു വിലയിരുത്തി, ഇന്നേ ദിവസം 2020 ജനുവരി 1–ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

(ഒപ്പ്)

**ഡോ.കെ.എൽ.വിവേകാനന്ദൻ**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

res

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**ജോയിന്റ് സെക്രട്ടറി (ഫിനാൻസ്)**